പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6840.        13.07.2012-ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിൽ ലബോറട്ടറി ടെക്നീഷ്യന്മാരുടെ തസ്തിക**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി. കെ.എസ്. സലീഖ** | | **ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും രോഗനിർണയം നടത്തുവാൻ ലബോറട്ടറികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീക രിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജ്, ജനറൽ, ജില്ലാ താലൂക്ക് ആശുപത്രികളിലും എല്ലാ സാമൂഹി കാരോഗ്യ കേന്ദ്രങ്ങളിലും ലബോറട്ടറി സംവിധാനങ്ങൾ നിലവിലുണ്ട്. സംസ്ഥാനത്തുള്ള ബഹുഭൂരിപക്ഷം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലാണ് ലബോറട്ടറി സംവിധാനം ഇപ്പോൾ നിലവിലില്ലാത്തത്. ഘട്ടംഘട്ടമായി ലബോറട്ടറികൾ നിലവിലില്ലാത്ത പ്രാഥ മികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുന്നതാണ്. |
| (ബി) | നിലവിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ എത്ര ലബോറട്ടറി ടെക്നീ ഷ്യന്മാരുടെ തസ്തികകളാ ണുള്ളത്; അതിൽ എത്ര തസ്തിക ഒഴിഞ്ഞു കിടക്കുന്നു; | (ബി) | ലബോറട്ടറി ടെക്നീഷ്യന്മാരുടെ ആകെ തസ്തികകളുടെ എണ്ണം 1060 ഉം, ഒഴിവുകളുടെ എണ്ണം 235 ഉം ആണ്. |
| (സി) | മൂന്നേകാൽ കോടി ജനതയുടെ രോഗനിർണ്ണയം നടത്താൻ പ്രസ്തുത തസ്തികകൾ | (സി) | വർദ്ധിച്ചുവരുന്ന രോഗികളുടെ രോഗ നിർണ്ണയം നടത്തുവാൻ ജീവന ക്കാരുടെ കുറവ് അനുഭവപ്പെടുന്നുണ്ട് |

| | | | |
|---|---|---|---|
| | മതിയാകുമോ; ആയതിൽ കാലോചിത മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | | എന്നത് വസ്തുതാപരമാണ്. എന്നാൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ മാറ്റുന്നത് സംബന്ധിച്ച തീരുമാനം പരിശോധിച്ചു വരികയാണ്. |
| (ഡി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ലബോറട്ടറികൾ പലതും ഒരേ രോഗനിർണ്ണയം നടത്താൻ രോഗികളിൽ നിന്നും വ്യത്യസ്ത നിരക്കിലുള്ള ഫീസാണ് ഈടാക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഈ പ്രവണത പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്ത് ഒട്ടാകെയുള്ള സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ലാബുകളുടെ നിയന്ത്രണം രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയിലേക്കായി ദി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ സർക്കുലേഷനിലാണ്. പ്രസ്തുത ബിൽ നിലവിൽ വരുന്നതോടെ രോഗികളിൽ നിന്നും വ്യത്യസ്ത ഫീസ് ഈടാക്കുന്നത് തടയാൻ സാധിക്കും. |
| (ഇ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ലബോറട്ടറികളിൽ പലതും രോഗനിർണ്ണയം നടത്തി റിപ്പോർട്ട് നൽകുന്നത് ശരിയായ വിധത്തിലല്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ